# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2581 12.02.2019 -ലെ മറുപടിക്ക്**

## <u>സ്വയംപര്യാപ്ത ഗ്രാമ പദ്ധതി</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ അനുമതി ലഭ്യമാക്കിയ മാവൂർ ഗ്രാമപഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന് കോളനിയിൽ മുപ്പത് ലക്ഷത്തിന്റെ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നിർവ്വഹണ ഏജൻസി (കേരള സിഡ്കോ) ഏറ്റെടുത്ത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20.04.2018-ന് കണ്ണൂരിൽ വെച്ച് ചേർന്ന യോഗത്തിൽ ഏജൻസി പൂർത്തീകരിച്ചതിന്റെ ബില്ല് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ചേരുകയും പ്രവൃത്തികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ശേഷിക്കുന്ന പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നടത്തിയ പ്രവൃത്തിയുടെ ഭാഗമായി കുടിവെള്ള ടാങ്കും വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സോഴ്സ് കണ്ടെത്താൻ സാധിക്കാതിരുന്നതിനാൽ കുടിവെള്ളം ലഭ്യമല്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പകരം കിണർ കുഴിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ എഞ്ചിനീയറോടാവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണം പൂർത്തീകരിച്ച ടാങ്കിലേക്ക് വാട്ടർ അതോറിറ്റി ലൈൻ നീട്ടി കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പെട്ടന്നുള്ള പ്രശ്നപരിഹാരത്തിനായി കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ